**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1202** **07-02-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയ്ക്കായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 623 കി മീ ദൂരത്തിൽ വിഭാവനം ചെയ്യുന്ന തീരദേശ ഹൈവേയുടെ കെ.ആർ.എഫ്.ബി പി.എം.യു വിന് കീഴിലുള്ള കെ.ആർ.എഫ്.ബി 556 കി മീറ്ററിൽ 460കി.മീ ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കുകയും 6(1) നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇതിൽ 200 കി. മീ ഭാഗത്ത് ഇതിനോടകം അതിർത്തികല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 12 കി മീ ഭാഗത്ത് 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആകെ 330 കി.മീ ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും കോസ്റ്റൽ ലഭ്യമായിട്ടുണ്ട്. തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഹൈവേയുടെ ഭാഗമായി വരുന്ന അഴീക്കോട് മുനമ്പം പാലം, കുഞ്ഞാലി മരക്കാർ പാലം എന്നിവയുടെ സ്ഥലം ഏറ്റെടുപ്പിനായി 9.6 കോടി രൂപയുടെ നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായുള്ള നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ? | (ബി) | കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപറേഷൻ (KSCADC) നെയാണ് തീരദേശ ഹൈവേയുടെ പുനരധിവാസ പ്രവൃത്തി കൾക്കുള്ള എസ്.പി.വി ആയി നിശ്ചയി ച്ചിട്ടുള്ളത്. തീരദേശ ഹൈവേയുടെ നഷ്ടപരിഹാര തുക RFCTLARR ആക്റ്റ് 2013 പ്രകാരമാണ് നിശ്ചയിക്കുന്നത്. പദ്ധതി യ്ക്കായുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ